## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2290** **08.05.2017-ൽ മറുപടിക്ക്**

**<u>ചെങ്ങന്നൂർ - പന്തളം റോഡിലെ ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ</u>**

| ചോദ്യം<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) അപകടങ്ങൾ ആവർത്തിക്കുന്ന ചെങ്ങന്നൂർ - പന്തളം കെ.എസ്.ടി.പി. റോഡിലെ ആഞ്ഞിലിച്ചുവട് ഭാഗത്ത് ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും പണം അനുവദിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;<br><br>(സി) റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും പണം അനുവദിച്ച്, പ്രസ്തുത ഭാഗത്ത് ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തി, അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) (ബി) & (സി) എം.സി റോഡിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ആഞ്ഞിലിമൂട് ജംഗ്ഷനിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി സൈൻ ബോർഡുകളും, റോഡ് മാർക്കിംഗും സ്റ്റഡുകളും കൂട്ടതലായി സ്ഥാപിക്കുന്നതിനായി 6,80,000/- രൂപയുടെ (ആറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് തയ്യാറാക്കി, റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത കെ.എസ്.ടി.പി റോഡിലെ, ആഞ്ഞിലിച്ചുവട് ഭാഗത്ത് ട്രാഫിക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പരിശോധിച്ചു വരുന്നു. പ്രസ്തുത റിപ്പോർട്ട്, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ പരിഗണനയ്ക്ക് വച്ചശേഷം പണം അനുവദിക്കുന്നതും. ഇത് അനുസരിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനു ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. |

S. Bindu

സെക്ഷൻ ഓഫീസർ